Volume IV Issue 1

# ഉദ്വേഗത്തിന്റെ ഭാവ(ന) സഞ്ചാരങ്ങൾ

# ക്രൈം ത്രില്ലറുകളെക്കുറിച്ചൊരു അന്വേഷണം

- വിഷ്ണുകൃഷ്ണൻ. ആർ.

"സത്യത്തിൽ ക്രൈം ഫിക്ഷൻ എഴുത്തിന്റെ പ്രധാന സംഗതി വിവരങ്ങളുടെ കൃത്യത എന്നാണ് സിസിലിയുടെ വാദം. കൃത്യമായ സ്ഥലം, സമയം, വിശ്വസനീയമായ അന്തരീക്ഷം ഇത്രയൊക്കെ പൂർത്തിയായാൽ കഥ സത്യമായെന്നു വിശ്വസിക്കാൻ വായനക്കാർ തയ്യാറാകും. ഇല്ലെങ്കിൽ ആദ്യമേ ഉപേക്ഷിക്കും." (ഛായാമരണം - പ്രവീൺ ചന്ദ്രൻ)

അപസർപ്പകസാഹിത്യത്തിന്റെ പുത്തൻരീതിശാസ്ത്രമാണ് പ്രവീൺചന്ദ്രന്റെ ഛായാമരണം എന്ന ക്രൈം ത്രില്ലർ നോവലിലൂടെ വെളിപ്പെടുന്നത്. വാനയക്കാർ വിശ്വാസ്യതയുടെ അളവുകോലുകൊണ്ടാണ് അപസർപ്പകസാഹിത്യത്തെ നേരിടുന്നത്. ഇതിവൃത്ത നിർമ്മിതിയിലും ആഖ്യാനരീതിയിലും പരിണാമഗുപ്തിയിലും എഴുത്തുകാരനും ഏറെ വൈദഗ്ധ്യം വേണ്ട ചട്ടക്കൂടാണ് അപസർപ്പകസാഹിത്യത്തിന്റേത്. അപസർപ്പകസാഹിത്യ നിർമ്മിതികൾക്ക് പിന്നിൽ പ്രവർത്തിക്കുന്ന ബാഹ്യഘടകങ്ങൾ ഉണ്ടായതെങ്ങനെ? അവയിലൂടെ നാം ഇന്ന് ചർച്ച ചെയ്യപ്പെടുന്ന ക്രൈം ത്രില്ലറുകൾ രൂപാന്തരപ്പെട്ടതെങ്ങനെ?

ലോകസാഹിത്യത്തിന്റെ ചുവടുപിടിച്ചാണ് മലയാളത്തിൽ അപസർപ്പകസാഹിത്യം പിറവിയെടുത്തത്. മനുഷ്യനിലെ ആകാംക്ഷയുടെയും എന്തും അറിയാനുള്ള താല്പര്യത്തിന്റെയും ഘടകങ്ങളാണ് ക്രൈം ഫിക്ഷൻ സാഹിത്യത്തെ പരുവപ്പെടുത്തിയത്. അമേരിക്കക്കാരനായ എഡ്ഗർ

അലൻപോയാണ് അപസർപ്പക സാഹിത്യത്തിന്റെ തലതൊട്ടപ്പനായി അറിയപ്പെടുന്നത്. ആ നിലയിൽ നോക്കുകയാണെങ്കിൽ അദ്ദേഹത്തിന്റെ 'അഗസ്റ്റെഡ്യൂപ്പി'ൽ എന്ന കഥാപാത്രം അംഗീകരിക്കപ്പെട്ട ആദ്യ കുറ്റാന്വേഷകനുമായി. എന്നാൽ കുറ്റന്വേഷകതാരപദവി അലങ്കരിച്ച ആദ്യ കഥാപാത്രം ആർതർ കോനൻ ഡോയലിന്റെ ഷെർലക്ഹോംസ് തന്നെയാണ്. തൊപ്പിയും കോട്ടും ധരിച്ചുകൊണ്ട് ഹോംസ് നടന്നുകയറിയത് അപസർപ്പകസാഹിത്യത്തിന്റെ കൊടുമുടിയിലേക്കായിരുന്നു. ബുദ്ധിയും നിരീക്ഷണപാടവവും കൈമുതലാക്കിയ ഹോംസിലൂടെ കുറ്റാന്വേഷണസാഹിത്യം വളർന്നു. ഹെർക്യൂൾ പൊയ്റോട്ട് എന്ന കഥാപാത്രത്തെ അവതരിപ്പിച്ചുകൊണ്ട് അഗതാക്രിസ്റ്റിയും കുറ്റാന്വേഷണസാഹിത്യത്തിലെ സ്ത്രീ സാന്നിധ്യമായി മാറി (പി. ഡി. ജെയിംസും അപസർപ്പക എഴുത്തുകാരിയാണ്)

എഴുത്തുകാരുടെ വരവ് മാത്രമായിരുന്നില്ല അപസർപ്പക സാഹിത്യത്തിന്റെ വളർച്ചയ്ക്ക് നിദാനമായത്. വ്യത്യസ്ത പ്രമേയങ്ങൾ ചർച്ച ചെയ്യുന്ന, വ്യത്യസ്ത ആഖ്യാന സവിശേഷതകൾ പാലിക്കുന്ന ഉപവിഭാഗങ്ങൾ കുറ്റാന്വേഷണ സാഹിത്യത്തിലുണ്ടായി. ഡിക്റ്ററ്റീവ് ഫിക്ഷൻ, ലീഗൽ ത്രില്ലർ, കോസി മർഡർ മിസ്റ്ററി, ക്രൈം ത്രില്ലർ, ലോക്ക്ഡ് റൂം മിസ്റ്ററീസ് തുടങ്ങിയവ ക്രൈംഫിക്ഷന്റെ ഉപവിഭാഗങ്ങളാണ്. ലളിതമായ ഭാഷയും കൃത്യമായി യുക്തിയിൽ ഊന്നിയ കഥാസന്ദർഭങ്ങളും കുറ്റാന്വേഷണസാഹിത്യത്തിന്റെ ഭൂമികയാണ്. ഭാവനയുടെ കടിഞ്ഞാൺ വലിച്ചുകൊണ്ട് ഉദ്വേഗത്തിന്റെ തേരിലേറിയ ലോകജനത കുറ്റാന്വേഷണസാഹിത്യത്തെ ജനപ്രിയ സാഹിത്യമാക്കി മാറ്റി. അതിന്റെ അലകൾ കേരളക്കരയിലും ആഞ്ഞടിച്ചു.

**ഒന്ന്**

മലയാളത്തിലെ ആദ്യകാലകഥകളിൽ ചിലത് അപസർപ്പകസ്വഭാവം പുലർത്തുന്നവയായിരുന്നു. 'മേനോക്കിയെ കൊന്നതാര്' (വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ), 'സത്യം തെളിഞ്ഞു' (ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ), 'കണ്ണിപ്പറമ്പിലെ കൊലപാതകം' (എം. ആർ. കെ. സി) തുടങ്ങിയ കഥകൾ ആ നിരയിലെ ചില കണ്ണികൾ മാത്രം. എന്തിനു പറയുന്നു ആദ്യകഥയായ വാസനാവികൃതിയിൽ കുറ്റന്വേഷണമാണ് മുഖ്യകഥാതന്തു.

മലയാളനോവൽ ചരിത്രത്തിൽ അപസർപ്പക സാഹിത്യത്തിന്റെ നാന്ദി കുറിച്ചത് അപ്പൻതമ്പുരാന്റെ 'ഭാസ്കരമേനോനി'ൽ (1905) നിന്നാണ്. എന്നാൽ അപസർപ്പകസാഹിത്യത്തെക്കുറിച്ച് പഠിച്ച പണ്ഡിതർ, അപ്പുനെടുങ്ങാടിയുടെ 'കുന്ദലത' (1887) ആണ് ആ ഗണത്തിൽ ചേർക്കാൻ കഴിയുന്ന ആദ്യ നോവലെന്ന് പ്രസ്താവിക്കുന്നു. ചില ഘടകങ്ങളിൽ അപസർപ്പക സ്വഭാവം പുലർത്തുന്നു എന്നതിനപ്പുറം കുന്ദലതയ്ക്ക് ആദ്യ അപസർപ്പകകൃതി എന്ന സ്ഥാനം യോജിക്കില്ല. അതിന് എന്തുകൊണ്ടും യോഗ്യത അപ്പൻതമ്പുരാന്റെ ഭാസ്കരമേനോനാണ്. തരവത്ത് അമ്മാളു അമ്മയിലൂടെയാണ് മലയാളത്തിലെ ആദ്യ സ്ത്രീകുറ്റാന്വേഷക ഉണരുന്നത്. 1914 - ൽ 'കമലാഭായി അഥവാ ലക്ഷ്മീവിലാസത്തിലെ കൊലപാതകം' എന്ന കൃതിയാണ് മലയാളത്തിൽ ഒരു സ്ത്രീ രചിച്ച ആദ്യ കുറ്റാന്വേഷണനോവൽ. ഒ.എം.ചെറിയാൻ, എം. ആർ. മാധവവാര്യർ, എം. ആർ.വേലുപ്പിള്ള ശാസ്ത്രി, കാരാട്ട് അച്യുതമേനോൻ, സി. മാധവൻപിള്ള, അനുജൻ തിരുവാങ്കുളം, കെ. എ. ദാമോദരമേനോൻ തുടങ്ങിയവർ പില്ക്കാല കുറ്റാന്വേഷണ സാഹിത്യത്തെ പാകപ്പെടുത്തി വായനാ സമൂഹത്തിനു മുന്നിൽ അവതരിപ്പിച്ചു.

1960 ന് ശേഷമുള്ള കാലഘട്ടമാണ് മലയാള കുറ്റാന്വേഷണ സാഹിത്യത്തിന്റെ സുവർണ്ണകാലഘട്ടം. കോട്ടയം പുഷ്പനാഥ്, തോമസ് ടി

അമ്പാട്ട്, ബാറ്റൺ ബോസ്, ശ്യാംമോഹൻ, വേളൂർ വി. കെ. രാമചന്ദ്രൻ, മായാദാസൻ, പ്രണോബ് തുടങ്ങിയ പ്രതിഭാധനരായ നിരവധി എഴുത്തുകാർ ഈ കാലഘട്ടത്തിൽ മലയാള കുറ്റാന്വേഷണ സാഹിത്യത്തിന്റെ ഭാഗ്യജാതകം കുറിക്കുകയുണ്ടായി. ഇതിൽ എടുത്തുപറയേണ്ട പേര് കോട്ടയം പുഷ്പനാഥിന്റേതാണ്. ജനപ്രിയ സാഹിത്യത്തിന്റെ ജനപ്രിയ എഴുത്തുകാരനായിരുന്ന പുഷ്പനാഥ്. മറ്റുള്ള എഴുത്തുകാരിൽ നിന്ന് വ്യത്യസ്തമായി പ്രധാനപ്പെട്ട രണ്ട് കുറ്റാന്വേഷക കഥാപാത്രങ്ങളെ പുഷ്പനാഥ് സൃഷ്ടിച്ചു. ഡിക്റ്ററ്റീവ് പുഷ്പരാജും ഡിക്റ്ററ്റീവ് മാർക്സിനും. സ്വദേശത്തെ കേസുകൾ പുഷ്പരാജും വിദേശ രാജ്യങ്ങളിലെ കേസുകൾ മാർക്സിനും അന്വേഷിച്ചു. താൻ സന്ദർശിച്ചിട്ടില്ലാത്ത വിദേശരാജ്യങ്ങൾ നിരവധി നോവലുകളിൽ അദ്ദേഹം പശ്ചാത്തലമാക്കി. ഡിക്റ്ററ്റീവ് നോവലുകൾക്ക് പുറമേ ഡ്രാക്കുള പ്രധാന കഥാപാത്രമായി എത്തുന്ന നിരവധി ഹൊറർ നോവലുകളും പുഷ്പനാഥ് എഴുതി (ഡ്രാക്കുളയുടെ മകൾ, ഡ്രാക്കുളയുടെ അങ്കി, ഡ്രാക്കുളയുടെ നിഴൽ, ഡ്രാക്കുള ഏഷ്യയിൽ, ഡ്രാക്കുള ഉണരുന്നു). ഒരു കാലഘട്ടത്തിലെ വായനാസമൂഹത്തെ ഭീതിയിലാഴ്ത്തിയ രചനകളായിരുന്നു പുഷ്പനാഥിന്റേത്.

നിരവധി വായനക്കാർ ഉണ്ടായിരുന്നിട്ടും മുഖ്യധാരാസാഹിത്യത്തിന്റെ ശ്രീകോവിലിൽ പ്രവേശിക്കാൻ എന്തുകൊണ്ടോ മലയാളകുറ്റാന്വേഷണ കൃതികൾക്ക് കഴിഞ്ഞില്ല. പൈങ്കിളി നോവലുകൾ, യക്ഷിക്കഥകൾ എന്നൊക്കെയുള്ള വിളിപ്പേരുകൾ കുറ്റാന്വേഷണസാഹിത്യകൃതികൾക്ക് ചാർത്തപ്പെട്ടു. നോവലിലെ യുക്തിയില്ലായ്മയെ ചോദ്യം ചെയ്യുകയും ലളിതമായ, വിവരണാത്മകമായ ഭാഷാശൈലിയെ പരിഹസിക്കുകയും ചെയ്ത് അവയ്ക്ക് അയിത്തം കല്പിച്ചിരുന്ന ഒരു കാലഘട്ടമായിരുന്നു തൊണ്ണൂറുകൾക്ക് മുമ്പ്. അങ്ങനെ വീർപ്പുമുട്ടി കഴിഞ്ഞിരുന്ന കുറ്റാന്വേഷണ സാഹിത്യത്തിന്റെ രണ്ടാം ജ•മാണ് രണ്ടായിരത്തിനുശേഷമുള്ള നോവലുകൾ. പ്രമേയത്തിലും

ആഖ്യാനരീതിയിലും പുതുമ നിലനിർത്താൻ കഴിയുന്ന കുറ്റാന്വേഷണ കൃതികൾ മലയാളത്തിലുണ്ടാകാൻ തുടങ്ങി. പുതുതലമുറയിലെ വായനക്കാരും കുറ്റാന്വേഷണ കൃതികൾക്ക് പിറകേ സഞ്ചരിച്ചു. പുതുതലമുറയെ ഇതിലേക്ക് ആകർഷിച്ചത് കുറ്റാന്വേഷണ സിനിമകളുടെ സ്വാധീനം മൂലമാണെന്ന് പറയാം. കൊറിയൻ, സ്പാനിഷ്, ഇംഗ്ലീഷ് ഭാഷകളിലെ കുറ്റാന്വേഷണ സിനിമകളെ ഗൗരവപൂർവ്വം സമീപിക്കാൻ പുതുതലമുറയ്ക്കായി. ദൃശ്യമാധ്യമത്തിന്റെ പുത്തൻ സങ്കേതങ്ങളായ വെബ്സീരീസുകളും ഇതിൽ ഉൾപ്പെടും. മണിഹീസ്റ്റ്, ജംദാരാ, അസുർ, ഡൽഹി ക്രൈം തുടങ്ങിയവ പ്രധാനപ്പെട്ട ജനപ്രിയ വെബ്സീരീസുകളാണ്. ത്രില്ലർ സിനിമകളും അടുത്തകാലത്തിറങ്ങിയ വെബ്സീരീസുകളും സൃഷ്ടിച്ച ഭീതിയുടെയും അന്വേഷണത്തിന്റെയും ഉദ്വേഗലോകത്തേക്ക് മലയാളത്തിലെ കുറ്റാന്വേഷണനോവലുകളും പ്രവേശിച്ചു. ആർ. ശ്രീലേഖ, ജി.ആർ.ഇന്ദുഗോപൻ, ലാജോ ജോസ്, ശ്രീപാർവ്വതി, നിഖിലേഷ് മേനോൻ, അനൂപ് ശശികുമാർ, പ്രവീൺ ചന്ദ്രൻ തുടങ്ങിയവർ പുതുതലമുറയിലെ ക്രൈംഫിക്ഷൻ എഴുത്തുകാരാണ്.

എന്തുകൊണ്ടാണ് അപസർപ്പകസാഹിത്യം വായിക്കപ്പെടുന്നത്? ഉദ്വേഗം ഉണ്ടാക്കുന്നു എന്ന് വേണമെങ്കിൽ അതിനുള്ള ഉത്തരം നല്കാം. ഉദ്വേഗം എന്ന അനിവാര്യഘടകത്തെ നിർമ്മിക്കുകയും നോവലിലുടനീളം നിലനിർത്തുകയും പരിണാമഗുപ്തിയോടെ അവസാനിപ്പിക്കുകയും ചെയ്യുന്ന തച്ചുശാസ്ത്രമാണ് കുറ്റാന്വേഷണനോവലുകളുടെ വിജയത്തിന്റെ ഹേതു. ഉദ്വേഗത്തെ ഏത് രീതിയിലാണോ കൈകാര്യം ചെയ്യുന്നത് അതിനനുസരിച്ചായിരിക്കും നോവലുകളുടെ നിലനില്പ്പ്. ചുരുക്കിപ്പറയുകയാണെങ്കിൽ കുറ്റാന്വേഷണനോവലുകളുടെ ജീവൻ ഉദ്വേഗം എന്ന ഘടകത്തിൽ അധിഷ്ഠിതമായിരിക്കും.

**രണ്ട്**

കുറ്റാന്വേഷണസാഹിത്യത്തിന്റെ ഘടനയിൽ ക്രൈം (കൊലപാതകം), ഇൻവസ്റ്റിഗേഷൻ (അന്വേഷണം), ജഡ്ജ്മെന്റ് (വിധി) എന്നീ ഘട്ടങ്ങളാണുള്ളത്. ഒരു കൊലപാതകം നടക്കുകയും അതിനെക്കുറിച്ചുള്ള അന്വേഷണവും തുടർന്നുള്ള വിധിയുമാണ് കഥാഘടന. പലപ്പോഴും വായനക്കാരിലേക്ക് ചില പ്രശ്നങ്ങൾ/സമസ്യകൾ അവതരിപ്പിച്ചുകൊണ്ടാണ് കുറ്റാന്വേഷണ നോവൽ ആരംഭിക്കുന്നത്. അത് ചിലപ്പോൾ രഹസ്യകോഡുകളുടെ രൂപത്തിലാകാം. അല്ലെങ്കിൽ ചില തെളിവുകൾ/സൂചനകൾ നിരത്തികൊണ്ടാകാം. ഇവയിലെല്ലാം ഉദ്വേഗത്തിന്റെ രസം നിറയ്ക്കാൻ എഴുത്തുകാർ പരിശ്രമിക്കാറുണ്ട്. പ്രവീൺ ചന്ദ്രന്റെ 'ഛായാമരണം' എന്ന നോവലിലെ ആദ്യ അദ്ധ്യായത്തിൽ കഥാപാത്രമായ സിദ്ധാർത്ഥന് അയാൾ താമസിക്കുന്ന റിസോർട്ടിനു സമീപമുള്ള വെള്ളച്ചാട്ടത്തിൽ നിന്ന് ആകസ്മികമായി ഒരു ബട്ടൺ ലഭിക്കുന്നു. തുടർന്നുള്ള അന്വേഷണത്തിൽ വെള്ളച്ചാട്ടത്തിനു മുകളിലായി ഒരു പെൺകുട്ടിയുടെ മൃതദേഹവും കണ്ടെത്തുന്നു. ബട്ടൺ കിട്ടുന്ന സമയം മുതൽ വായനക്കാരുടെ ഉള്ളിലും ചില സന്ദേഹങ്ങൾ ഉയരുന്നു. അതിനെചുറ്റിപ്പറ്റി എന്തോ ദുരൂഹത ഉണ്ടെന്ന് വായനക്കാർ വിചാരിക്കുകയും സംശയദൃഷ്ടിയോടെ തുടർന്നുള്ള രംഗങ്ങൾ വായിക്കുകയും ചെയ്യുന്നു. പെൺകുട്ടിയുടെ മൃതദേഹം കിട്ടുന്നതോടുകൂടി ഏതാണ് ആ പെൺകുട്ടി എന്നറിയാൻ വായനക്കാർ ആഗ്രഹിക്കുകയും തുടർന്നുള്ള ഭാഗങ്ങളിലെ സൂചനകളുടെ വെളിച്ചത്തിൽ സ്വയമൊരു അനുമാനത്തിലെത്താൻ ശ്രമിക്കുകയും ചെയ്യുന്നു.

എഴുത്തുകാരനോടൊപ്പം വായനക്കാരും അതേ കൃത്യതയോടെ, വേഗതയോടെ സഞ്ചരിക്കാൻ ശ്രമിക്കുന്ന രചനാഭൂപടമാണ് കുറ്റാന്വേഷണനോവലുകളുടേത്. നിഖിലേഷ് മേനോന്റെ 'പ്രഥമദൃഷ്ട്യാ' എന്ന

നോവലും വായനക്കാരെ കൂടെ കൂട്ടാൻ മടിക്കുന്നില്ല. പാലിഹിൽ എന്ന സ്ഥലത്തു നടക്കുന്ന ബസ് അപകടവും അതിൽ നിന്നു രക്ഷപെടുന്ന ഒരു പെൺകുട്ടിയേയും ചുറ്റിപ്പറ്റിയാണ് കഥ ആരംഭിക്കുന്നത്. അപകടത്തെക്കുറിച്ചും അപകടസമയത്ത് തനിക്കൊപ്പം ഭർത്താവ് ഉണ്ടായിരുന്നതായും പെൺകുട്ടി പറയുന്നു. പക്ഷെ തിരച്ചിലിൽ അങ്ങനെ ഒരാളെ കണ്ടെത്താൻ കഴിഞ്ഞില്ല. ദുരൂഹമായ ഇത്തരം സംഭവങ്ങളിലൂടെ ഒരു പ്രതികാരകഥയിലേക്കാണ് നോവൽ എത്തിച്ചേരുന്നത്. മലയാളി വായനക്കാർക്ക് പരിചയമില്ലാത്ത കഥാസ്വരൂപമാണ് പ്രഥമദൃഷ്ട്യായിൽ. 'മെഡിക്കോ ലീഗൽത്രില്ലർ' വിഭാഗത്തിൽപ്പെടുന്ന മലയാളത്തിലെ ആദ്യ കൃതിയാണ് പ്രഥമദൃഷ്ട്യാ എന്ന് കൃതിയുടെ അവതാരികയിൽ സൂചിപ്പിക്കുന്നു.

വർത്തമാനകാലമേത് ഭൂതകാലമേത് എന്ന സന്ദേഹം ഉണ്ടാക്കാതെ എന്നാൽ അതിവിദഗ്ധമായി ആ പാതയിലൂടെ യഥേഷ്ടം സഞ്ചരിക്കാൻ കുറ്റാന്വേഷണ നോവലുകൾക്ക് കഴിയുന്നു. ലാജോ ജോസിന്റെ 'റൂത്തിന്റെ ലോകം', 'റെസ്റ്റ് ഇൻ പീസ്' തുടങ്ങിയ നോവലുകളിൽ കാലാതീതമായ ആഖ്യാനസാധ്യത പരീക്ഷിക്കപ്പെട്ടിട്ടുണ്ട്. സൈക്കോളജിക്കൽ ത്രില്ലർ വിഭാഗത്തിലെ കൃതിയാണ് റൂത്തിന്റെ ലോകം. റെട്രോഗ്രേഡ് അംനീഷ്യ ബാധിച്ച റൂത്ത് റൊണാൾഡിന്റെ മനോവിചാരങ്ങളിലൂടെയാണ് റൂത്തിന്റെ ലോകം വികസിക്കുന്നത്. പലപ്പോഴും മുന്നിൽ നടക്കുന്ന സംഭവങ്ങളുടെ സത്യമേത് മിഥ്യയേത് എന്ന് വേർതിരിച്ചെടുക്കാൻ കഴിയാത്ത തോന്നലുകളിൽ നിന്നുണ്ടാകുന്ന സംഘർഷങ്ങളാണ് റൂത്തിനേയും അവളുടെ ജീവിതത്തെയും നിർണ്ണയിക്കുന്നത്. സിറ്റിയിൽ നിന്ന് കാണാതാകുന്ന നിരവധി പെൺകുട്ടികളെക്കുറിച്ചുള്ള അന്വേഷണത്തിൽ അവിടെയെല്ലാം റൂത്ത് റൊണാൾഡ് എന്ന പെൺകുട്ടിയുടെ സാന്നിധ്യമുണ്ടെന്ന് പോലീസ് മനസ്സിലാക്കുന്നു. ഭൂതകാലത്തിൽ തനിക്കുണ്ടായ അനുഭവങ്ങൾ കാണാതായ

പെൺകുട്ടികളുമായി ബന്ധപ്പെടുന്നതെങ്ങനെ എന്ന ചോദ്യം റൂത്തിനെ പലപ്പോഴും മാനസികമായി ബാധിക്കുന്നു. പക്ഷെ കഴിഞ്ഞുപോയ കാലത്തെക്കുറിച്ച് ചിന്തിക്കാൻ റൂത്തിന് കഴിയുന്നില്ല. ഭർത്താവിന്റെ പരിചരണത്തിൽ ആശ്വാസം കണ്ടെത്തുന്ന റൂത്തിന്റെ ഉദ്വേഗഭരിതമായ തുടർക്കഥയാണ് നോവലിൽ ആവിഷ്കരിച്ചിരിക്കുന്നത്. കഥയ്ക്കൊടുവിൽ മാത്രം യഥാർത്ഥവില്ലനെ വെളിപ്പെടുത്തുന്ന സാമ്പ്രദായിക കുറ്റാന്വേഷണരീതി നോവൽ പിന്തുടരുന്നെങ്കിലും കഥാപാത്ര ചിത്രീകരണത്തിലും കഥാപരിസരങ്ങളിലും പുതുമ നിലനിർത്താൻ ലാജോയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

കോസി മർഡർ മിസ്റ്ററി വിഭാഗത്തിലെ നോവലാണ് 'റെസ്റ്റ് ഇൻ പീസ്'. ജെസി എന്ന പെൺകുട്ടിക്ക് ലഭിക്കുന്ന ചാച്ചന്റെ ഡയറിക്കുറിപ്പുകളിൽ നിന്നാണ് കഥ ആരംഭിക്കുന്നത്. ചാച്ചൻ താമസിക്കുന്ന ഓൾഡ് ഏജ് ഹോമിൽ തുടരെ രണ്ട് മരണങ്ങൾ സംഭവിക്കുന്നു. അപ്രതീക്ഷിതമായി ഉണ്ടായ മരണങ്ങളെക്കുറിച്ച് ചാച്ചൻ അന്വേഷിക്കുകയും അത് രണ്ടും കൊലപാതകങ്ങളാണെന്ന സത്യം മനസ്സിലാക്കുകയും ചെയ്യുന്നു. ഈ വിവരങ്ങളെല്ലാം അടങ്ങിയ ഡയറിയാണ് ജെസിക്ക് ലഭിക്കുന്നത്. തുടർന്ന് ചാച്ചനുണ്ടായ പ്രതിസന്ധികൾ ഒടുവിൽ അയാളെ ആത്മഹത്യക്ക് പ്രേരിപ്പിക്കുന്നു. പിതാവിന്റെ മരണത്തെ തുടർന്ന് ഓർഡ് ഏജ് ഹോമിലെത്തിയ ജെസിയുടെ സത്യാനേഷണങ്ങളാണ് നോവലിന്റെ ആഖ്യാനഗതിയെ നിയന്ത്രിക്കുന്നത്. അപ്രതീക്ഷിത വഴിത്തിരുവകളും വെളിപ്പെടുത്തലുകളും നോവലിനെ ആവേശോജ്വലമാക്കുന്നു.

ലാജോജോസിന്റെ കോഫീ ഹൗസ്, ഹൈഡ്രേഞ്ചിയ എന്നീ നോവലുകളും ഏറെ ശ്രദ്ധിക്കപ്പെട്ടവയാണ്. കോട്ടയത്തെ ഒരു കോഫീഹൗസിൽ നടന്ന കൊലപാതകങ്ങളുടെ ചുരുളഴിക്കുകയാണ് എസ്തർ ഇമാനുവൽ എന്ന മാധ്യമപ്രവർത്തക. പ്രതിയായ ബെഞ്ചമിനെ കോടതി

വധശിക്ഷയ്ക്ക് വിധിക്കുന്നു. ജയിലിലെത്തിയ ബെഞ്ചമിൻ എസ്തറിനെ കാണണമെന്ന് ആവശ്യപ്പെടുകയും തുടർന്ന് എസ്തറിനോട് തന്റെ നിരപരാധിത്വം തുറന്നു പറയുകയും ചെയ്യുന്നു. യഥാർത്ഥ കൊലപാതകിയെ തേടിയുള്ള എസ്തറിന്റെ അന്വേഷണമാണ് നോവലിന്റെ കാതൽ. 'ഹൈഡ്രേഞ്ചിയ' തുടർ കൊലപാതകങ്ങളുടെ മാതൃകയിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. ആദ്യ നോവലായ കോഫീഹൗസിലെ എസ്തറാണ് കേസന്വേഷണസംഘത്തിലെ പ്രധാനി. സ്ത്രീകളെ കേന്ദ്രീകരിച്ച് നടക്കുന്ന തുടർകൊലപാതകങ്ങളാണ് ഹൈഡ്രേഞ്ചിയയിലെ പ്രതിപാദ്യം. കൊലപാതകം നടക്കുന്ന സ്ഥലങ്ങളിൽ ഹൈഡ്രേഞ്ചിയ പൂക്കൾകൊണ്ട് ഭംഗിയായി അലങ്കരിച്ച മൃതദേഹങ്ങൾ പോലീസ് കണ്ടെത്തുന്നു. യാതൊരു തെളിവും അവശേഷിപ്പിക്കാതെയുള്ള കൊലപാതകങ്ങൾ സിറ്റിയിൽ തുടരെ നടക്കുന്നു. പ്രതീക്ഷിക്കാതെയുള്ള കഥാമുഹൂർത്തങ്ങളാണ് നോവൽ ഓരോ വായനക്കാരനും സമ്മാനിക്കുന്നത്.

ആർ.ശ്രീലേഖ ഐ.പി.എസിന്റെ മരണദൂതൻ, കുഴലൂത്തുകാരൻ, ജാഗരൂകൻ തുടങ്ങിയ നോവലുകളും കുറ്റാന്വേഷണ വിഭാഗത്തിൽ ഉൾപ്പെടുന്നവയാണ്. തുടർകൊലപാതകങ്ങൾക്ക് പശ്ചാത്തലമാകുന്ന ഈ നോവലുകളിൽ റീത്ത മേരി ഐ.പി.എസ്. ആണ് കുറ്റാന്വേഷക. ട്രിലോജി (ഒരേ കഥാപാത്രങ്ങളും കഥാപശ്ചാത്തലവുമായി വരുന്ന നോവലുകൾ) വിഭാഗത്തിലെ നോവലുകളാണ് ശ്രീലേഖയുടേത്. ഡിക്റ്ററ്റീവ് പെരുമാൾ കഥാപാത്രമാകുന്ന അൻവർ അബ്ദുള്ളയുടെ നോവലുകളും (ദ സിറ്റി ഓഫ് എം, മരണത്തിന്റെ തിരക്കഥ, പ്രൈം വിറ്റ്നസ്) കുറ്റാന്വേഷണ സാഹിത്യത്തിലെ പ്രധാന കൃതികളാണ്).

ട്രിലോജി വിഭാഗത്തിൽപ്പെടുന്ന മറ്റൊരു നോവലാണ് അനൂപ് ശശികുമാറിന്റെ 'ഗോഥം ചാപ്റ്റർ 1'. മലയാളത്തിലെ ആദ്യ വിജിലന്റ് ത്രില്ലർ

വിഭാഗത്തിൽപ്പെടുന്ന നോവലാണ് ഗോഥം. ബാറ്റ്മാൻ സിനിമകളിലെ ഗോഥം സിറ്റിക്ക് സമാനമായി കൊച്ചി നഗരം രൂപപ്പെടുന്നുണ്ട് അനൂപിന്റെ നോവലിൽ. വ്യക്തി - സമൂഹ എന്നീ സങ്കല്പങ്ങൾ തോമസ് എന്ന കഥാപാത്രത്തിലുണ്ടാക്കുന്ന സംഘർഷങ്ങളാണ് നോവലിന് ആധാരം. വ്യക്തിയ്ക്കാണോ സമൂഹത്തിനാണോ താൻ പ്രാധാന്യം നല്കേണ്ടതെന്ന സംശയം പലപ്പോഴും തോമസിൽ കടന്നുവരുന്നു. അതിന്റെ ഭാഗമായി തോമസ് എടുക്കുന്ന തീരുമാനങ്ങൾ കഥയെ മറ്റൊരു തലത്തിലേക്ക് ഉയർത്തുന്നു. വ്യത്യസ്ത കഥാപാത്രങ്ങളുടെ മനോവിചാരങ്ങളിലൂടെയാണ് നോവൽ പൂർണ്ണത പ്രാപിക്കുന്നത്. നോവലിന്റെ ആഖ്യാനരീതി എടുത്തു പറയേണ്ടുന്ന ഒരു ഘടകമാണ്. അനൂപിന്റെ ഏറ്റവും അവസാനമിറക്കിയ 'ഒൻപതാം വീട്' എന്ന നോവൽ ചരിത്രത്തെ കൂട്ടുപിടിച്ചുകൊണ്ടുള്ള ത്രില്ലറാണ്.

ജി.ആർ ഇന്ദുഗോപന്റെ 'പ്രഭാകരൻ സീരീസ്' മലയാളത്തിലെ കുറ്റാന്വേഷണനോവൽ ചരിത്രത്തിലെ നാഴികകല്ലാണ്. ഡച്ച്ബംഗ്ലാവിലെ പ്രേതരഹസ്യം, രാത്രിയിലൊരു സൈക്കിൾവാല, രക്തനിറമുള്ള ഓറഞ്ച് തുടങ്ങിയ ഇന്ദുഗോപന്റെ കൃതികളിൽ കേസന്വേഷണം കൈകാര്യം ചെയ്യുന്നത് പ്രഭാകരൻ എന്ന ഡിക്റ്ററ്റീവാണ്. തനത് ഡിക്റ്ററ്റീവ് കഥാപാത്രങ്ങളുടെ വേഷപ്പകർച്ചകൾ ഒന്നും തന്നെ പ്രഭാകരനില്ല. കറുത്ത് കുറുകിയ രൂപമുള്ള പ്രഭാകരൻ നിലനില്ക്കുന്നത് അയാളുടെ ബുദ്ധിയുടേയും നിരീക്ഷണപാടവത്തിന്റെയും ബലത്തിലാണ്. പ്രഭാകരൻ തന്റെ നിരീക്ഷണത്തിലൂടെ കണ്ടെത്തുന്ന ഓരോ തെളിവുകളും വായനക്കാരെ പലപ്പോഴും അത്ഭുതപ്പെടുത്താറുണ്ട്. നോവലിലുടനീളം വായനക്കാരും പ്രഭാകരനെപ്പോലെ ചിന്തിക്കുകയും ഓരോ സംഭാഷണങ്ങളും ഇഴകീറി പരിശോധിക്കുകയും തെളിവുകളിലേക്ക് കണ്ണും നട്ടിരിക്കുകയും ചെയ്യുന്നു.

**മൂന്ന്**

കുറ്റാന്വേഷണനോവലുകളിലെ ഓരോ ഘടകങ്ങളെയും പ്രത്യേകം വിശകലനം ചെയ്യുകയാണെങ്കിൽ കഥയുടെ അടിത്തറയിൽ അവ എങ്ങനെ നിലനില്ക്കുന്നു എന്ന് മനസ്സിലാക്കാൻ കഴിയും. കഥാപാത്രസൃഷ്ടിയിലെ വൈവിധ്യം അതിൽ പ്രധാനപ്പെട്ടതാണ്. ക്രൈം ത്രില്ലറുകളിലെ കുറ്റാന്വേഷകർക്ക് അമാനുഷികതയുടെ ഭാവം കല്പിച്ചു നല്കാറില്ല. സംഘർഷങ്ങൾ അനുഭവിച്ചും പരജായഭീതിയുടെ രസം നുണഞ്ഞുമൊക്കെയാണ് കുറ്റാന്വേഷകർ കുറ്റവാളിയുടെ പിറകേ പായുന്നത് (ഛായാമരണത്തിലെ സിദ്ധാർത്ഥൻ കുടുംബസംഘർഷങ്ങൾ അനുഭവിക്കുന്നുണ്ട്). വ്യത്യസ്തനോവലുകൾ പരിശോധിക്കുമ്പോൾ ഉയർന്ന പോലീസ് ഉദ്യോഗസ്ഥർ മുതൽ സാധാരണക്കാർ വരെ കുറ്റാന്വേഷകരായി പ്രത്യക്ഷപ്പെടുന്നുണ്ട്. ഐ.പി.എസ്. ഓഫീസർ (മരണദൂതൻ, പൊയട്രി കില്ലർ), ഡിക്റ്ററ്റീവ് (ഇന്ദുഗോപന്റെ പ്രഭാകരൻ സീരീസ് നോവലുകൾ), റിസോർട്ട് മുതലാളി (പ്രഥമദൃഷ്ട്യാ), കോളേജ് അദ്ധ്യാപകൻ (ഛായാമരണം), ഓൾഡ് ഏജ് ഹോം അന്തേവാസി (റെസ്റ്റ് ഇൻ പീസ്), മാധ്യമ പ്രവർത്തക (കോഫീഹൗസ്, ഹൈഡ്രേഞ്ചിയ), വില്ലേജ് ഓഫീസർ (പുഴമീനുകളെ കൊല്ലുന്ന വിധം), ഇങ്ങനെ പോകുന്നു സമകാലിക കുറ്റാന്വേഷണ സാഹിത്യത്തിലെ കുറ്റാന്വേഷകർ. കുറ്റകൃത്യങ്ങൾ ചെയ്തുകൊണ്ട്, കുറ്റാന്വേഷകർക്ക് യാതൊരു പഴുതും നല്കാതെ വെല്ലുവിളി ഉയർത്തുന്ന രീതിയിലുള്ള കുറ്റവാളികളെയാണ് മിക്ക നോവലിലും ചിത്രീകരിച്ചിരിക്കുന്നത്. പ്രധാനമായും മൂന്ന് തത്ത്വങ്ങളാണ് കുറ്റവാളികളുടെ കഥാപാത്ര നിർമ്മാണത്തിൽ പ്രവർത്തിക്കുന്നത്. ഒന്ന്, കൊലപാതകം കലയായി കാണുന്ന മാനസികരോഗികൾ (സൈക്കോപാത്തുകൾ) ഓരോ കൊലപാതകം ചെയ്യുമ്പോഴും വീണ്ടും വീണ്ടും കൊലപാതകം ചെയ്യാനുള്ള ത്വര ഇത്തരക്കാരിൽ

ഉണ്ടാകുന്നു. ഒരു പക്ഷെ കുറ്റാന്വേഷകർക്ക് ഏറെ വെല്ലുവിളി ഉയർത്തുന്നത് സൈക്കോപാത്തുകളാണ്. കൊലപാതകങ്ങളിലെ ഇരകളുമായി നേരിട്ട് യാതൊരു ബന്ധവും കുറ്റവാളികൾക്ക് ഉണ്ടാകണമെന്നില്ല. കുട്ടിക്കാലത്തെ ദുരനുഭവങ്ങളും പാരമ്പര്യമായി പകർന്നുകിട്ടിയ ചില ഘടകങ്ങളും ഇത്തരം കഥാപാത്രങ്ങളുടെ നിർമ്മിതിയിൽ പ്രകടമാണ്. ഹൈഡ്രേഞ്ചിയ, മരണദൂതൻ തുടങ്ങിയ നോവലുകളിൽ തുടർ കൊലപാതകങ്ങളാണ് പശ്ചാത്തലം.

രണ്ട്, പ്രതികാരം വ്രതമായി അനുഷ്ഠിക്കുന്ന കുറ്റവാളികളാണ്. നീതി നിഷേധബോധം അവരിൽ പ്രകടമായി കാണാൻ കഴിയും. തനിക്കുണ്ടായ നഷ്ടത്തെ, അതുണ്ടാക്കിയവരുടെ മരണത്തിലൂടെ തിരികെ പിടിക്കുന്ന ഇത്തരം കഥാപാത്രങ്ങളെ പ്രഥമദൃഷ്ട്യാ, റെസ്റ്റ് ഇൻപീസ്, പൊയട്രികില്ലർ തുടങ്ങിയ നോവലുകളിൽ കാണാം. പ്രതികാരത്തിലൂടെ ലഭിക്കുന്ന മാനസിക സംതൃപ്തിയിലാണ് അവരുടെ ജീവിതം.

മൂന്ന്, അബദ്ധത്തിൽ ചെയ്ത കുറ്റകൃത്യം മറയ്ക്കാൻ വേണ്ടി ശ്രമിക്കുന്ന കുറ്റവാളികൾ. സൈക്കോപാത്തുകൾ തെളിവുകളോരോന്നും കുറ്റാന്വേഷകന്റെ മുന്നിൽ വെല്ലുവിളിയോടെ പ്രദർശിപ്പിക്കുമ്പോൾ അബദ്ധത്തിൽ കുറ്റം ചെയ്തവർ അത് മറക്കാനുള്ള ശ്രമം കഥയുടെ ഒടുവിൽവരെ നടത്തികൊണ്ടേയിരിക്കും.

മറ്റൊരു പ്രധാന ഘടകം ആഖ്യാനരീതിയിലെ വൈവിധ്യമാണ്. ഒന്നിലധികം ആഖ്യാനരീതികൾ ഒരേ സമയം കുറ്റാന്വേഷണനോവലുകളിൽ കാണാം. കുറ്റാന്വേഷകന്റെ മനോവിചാരങ്ങളിൽ നിന്നുമുള്ള ആഖ്യാനരീതിയാണ് കൂടുതലായും നോവലുകളിൽ ഉപയോഗിച്ചിട്ടുള്ളത്. ഇതിനോടൊപ്പം തന്നെ കുറ്റകൃത്യം ചെയ്യുന്നതിനുമുമ്പുള്ള കുറ്റവാളിയുടെ ആത്മഗതസദൃശ്യമായ ആഖ്യാനതന്ത്രങ്ങളും നോവലിൽ പരീക്ഷിക്കപ്പെട്ടിട്ടുണ്ട്. (ഉദാ: ഹൈഡ്രേഞ്ചിയ, മരണദൂതൻ) അനൂപ് ശശികുമാറിന്റെ 'ഗോഥം' എന്ന നോവലിൽ പ്രധാനകഥാപാത്രങ്ങളുടെ വീക്ഷണകോണിയിലൂടെയാണ് കഥ

മുന്നേറുന്നത്. പുസ്തകത്തെയും കത്തുകളെയും സ്വപ്നങ്ങളെയും ആഖ്യാനതന്ത്രങ്ങളാക്കി മാറ്റാൻ പുതിയ തലമുറ ക്രൈംഫിക്ഷൻ എഴുത്തുകാർക്ക് അനായാസം സാധിക്കുന്നുണ്ട്. നോവലിന്റെ ഒടുവിൽ വായനക്കാർക്കുള്ളിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകാതെയും കഥ അവസാനിപ്പിക്കുന്ന രീതി മലയാളത്തിലുണ്ട്. 'പുഴമീനുകളെ കൊല്ലുന്നവിധം' എന്ന കുറ്റാന്വേഷണനോവലിൽ ഇത്തരം ആഖ്യാനരീതി സ്വീകരിച്ചിട്ടുണ്ട്.

കുറ്റാന്വേഷണനോവലുകളിലെ ഭാഷ എടുത്തുപറയേണ്ട ഒന്നാണ്. ലളിതമായ ഭാഷയാണ് നോവലുകളിൽ ഉപയോഗിക്കുന്നത്. യുക്തിയിൽ അധിഷ്ഠിതമായ വിവരണാത്മകഭാഷാരീതിയാണ് പ്രധാനമായും പിന്തുടരുന്നത്. സങ്കീർണ്ണമായി മുന്നേറുന്ന കഥാസ്വരൂപത്തിനൊപ്പം സങ്കീർണ്ണമായ ഭാഷ കൂടി ചേരുമ്പോഴുണ്ടാകുന്ന ദുർഗ്രഹത കുറ്റാന്വേഷണനോവലുകൾ ഇഷ്ടപ്പെടുന്നില്ല. ഭാഷയിലെ പരീക്ഷണങ്ങൾ ഒരു പക്ഷെ നോവലിനെ തന്നെ സാരമായി ബാധിച്ചേക്കാം.

## നാല്

എഴുത്തുകാരന്റെ വളർച്ചയിൽ പ്രധാനപങ്കുവഹിക്കുന്ന ഒരു പ്ലാറ്റ്ഫോമായി ഇന്ന് സോഷ്യൽ മീഡിയ മാറിയിരിക്കുന്നു. വിശേഷിച്ചും കുറ്റാന്വേഷണ നോവലുകളുടെ കാര്യത്തിൽ. എഴുത്തുകാരനും വായനക്കാരനും ഒരുപോലെ പ്രത്യക്ഷപ്പെടുന്ന ഇടം കൂടിയാണ് സമൂഹമാധ്യമങ്ങൾ. എടുത്തുപറയേണ്ട ഒന്നാണ് സമൂഹമാധ്യമങ്ങളിലെ വായനക്കാരുടെ കൂട്ടായ്മകൾ. റീഡേഴ്സ് സർക്കിൾ, മലയാളം ബുക്ക് ക്ലബ് തുടങ്ങിയ ഫേസ്ബുക്ക് വായനാകൂട്ടായ്മയിൽ കുറ്റാന്വേഷണ നോവലുകളുടെ പരിചയപ്പെടുത്തലും വായന അനുഭവങ്ങളും പങ്കുവയ്ക്കാറുണ്ട്. എഴുത്തുകാരന്റെ എഴുത്തനുഭവങ്ങളും ഇത്തരം കൂട്ടായ്മകളിൽ പ്രസിദ്ധീകരിക്കാറുണ്ട്.

(മലയാളത്തിലെ പുതിയ തലമുറയിലെ കുറ്റാന്വേഷക എഴുത്തുകാർ സജീവമായി ഇത്തരം കൂട്ടായ്മകളിൽ ഇടപെടുന്നുണ്ട്.) ആർ. രാജശ്രീയെപ്പോലുള്ള എഴുത്തുകാരുടെ പിറവിക്ക് പിന്നിലും സമൂഹമാധ്യമ സാന്നിധ്യമുണ്ട്. ഹൊറൻ - ഫാന്റസി വിഭാഗത്തിലെ പുത്തൻ പ്രതീക്ഷയായ അഖിൽ പി. ധർമ്മജൻ എഴുത്ത് ജീവിതം ആരംഭിക്കുന്നത് സോഷ്യൽ മീഡിയിലെ കാവ്യഭ്രമികയിൽ നിന്നാണ്. (നോവൽ - ഓജോ ബോർഡ്, മെർക്കുറി ഐലന്റ്).

മലയാളനോവൽ ചരിത്രത്തിൽ ഇതുവരെ പരീക്ഷിക്കപ്പെടാത്ത ഒരു ദൃശ്യപ്രഭാവത്തിന് കൂടി കുറ്റാന്വേഷണ നോവലുകൾ സാക്ഷ്യം വഹിക്കുന്നുണ്ട്. സാധാരണയായി സിനിമകൾക്ക് മാത്രം ഇറങ്ങുന്ന ടീസറുകളും ക്യാരക്ടർ പോസ്റ്ററുകളും ഇന്ന് കുറ്റാന്വേഷണ നോവലുകളുടെ പ്രസാധനത്തിന് മുൻപ് തന്നെ സോഷ്യൽ മീഡിയയിൽ തരംഗമാകാറുണ്ട്. വൻ സ്വീകാര്യതയാണ് ഇത്തരം പോസ്റ്ററുകൾക്കും ടീസറുകൾക്കും ലഭിക്കുന്നത്. റെസ്റ്റ് ഇൻ പീസ്. പൊയടികില്ലർ തുടങ്ങിയ നോവലുകളിലൂടെയാണ് മലയാളത്തിൽ ടീസറുകളും പോസ്റ്ററുകളും ശ്രദ്ധ നേടിയത്. കുറ്റാന്വേഷണസാഹിത്യത്തെ സംബന്ധിച്ചുള്ള മറ്റൊരു സന്തോഷവാർത്ത, മലയാളത്തിലെ വൻകിട പുസ്തക പ്രസാധകർ വിദേശകുറ്റാന്വേഷണകൃതികളുടെ മലയാള വിവർത്തനങ്ങൾ സമ്പൂർണ്ണ സമാഹാരമായി പുറത്തിറക്കാനുള്ള തയ്യാറെടുപ്പിലാണ്. ഷെർലക് ഹോംസ് കൃതികളും അഗതാക്രിസ്റ്റിയുടെ നോവലുകളും അണിയറയിൽ ഒരുങ്ങിക്കഴിഞ്ഞിരിക്കുന്നു. പെറി മേസൻ, ഹാഡ്‌ലി ചേസ്, പി.ഡി.ജെയിംസ് തുടങ്ങിയവരുടെ കൃതികൾ അധികം വൈകാതെ തന്നെ സമ്പൂർണ്ണസമാഹാരമാകും എന്ന് പ്രതീക്ഷിക്കാം.

കുറ്റാന്വേഷണനോവൽ എഴുത്തുകാർ സാഹിത്യത്തിലെ എഞ്ചിനീയർമാരാണ്. ഇതിവൃത്തത്തെ മികച്ച അടിത്തറയോടെ

നിർമ്മിക്കുകയും അടിത്തറയിൽ നിന്നുകൊണ്ട് കഥയ്ക്ക് ഉയരാനുള്ള സാഹചര്യഘടകങ്ങൾ ഒരുക്കി നല്കുവാനും എഴുത്തുകാർക്ക് കഴിയുന്നുണ്ട്. യുക്തിയിലും കൃത്യതയിലും കെട്ടിപ്പോകുന്ന ഇത്തരം 'കഥാകെട്ടിടങ്ങൾ' എവിടെയെങ്കിലും ഒന്ന് പാളിയാൽ നോവലിനേക്കാൾ ഒരു പക്ഷെ നോവലിസ്റ്റിന്റെ ഭാവിയെ തന്നെ ബാധിച്ചേക്കാം. ഇത്തരം അപകടസാധ്യത കഥാനിർമ്മാണവേളയിൽ എഴുത്തുകാർ മുൻകൂട്ടി കാണാറുണ്ട്. ബ്ലൂപ്രിന്റുകളിലൂടെ അവർ കഥാസൗധം പണിയുന്നു. ഉയർന്നു പൊങ്ങുന്ന 'ഭാവനാനിലകൾ'ക്കൊപ്പം ഉദ്വേഗവും ഉയരുന്നു. ഒടുവിൽ പണിതീർത്ത വലിയ കെട്ടിടങ്ങൾക്കു താഴെ നിന്ന് മുകളിലേക്ക് നോക്കാൻ ശ്രമിക്കുന്ന മനുഷ്യരായി വായനക്കാരും മാറുന്നു. അവൾ ശില്പഭംഗി ആസ്വദിക്കുന്നു. വിലിയിരുത്തുന്നു. ഏറ്റവും മികച്ച കുറ്റാന്വേഷണനോവലുകളുടെ പിറവിക്ക് സാക്ഷ്യം വഹിക്കുന്ന കാലഘട്ടം കൂടിയാണ് ഈ നൂറ്റാണ്ട്.

## ഗ്രന്ഥസൂചി

1. തരകൻ, കെ.എം, 1978 : മലയാളനോവൽ സാഹിത്യ ചരിത്രം, കേരളസാഹിത്യഅക്കാദമി, തൃശ്ശൂർ

2. ബഷീർ, എം.എം, 2002 : മലയാള ചെറുകഥാസാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ

3. ഹമീദ്, 2015 : അപസർപ്പകനോവലുകൾ മലയാളത്തിൽ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

*ഗവേഷകൻ, മലയാളവിഭാഗം, കേരളസർവ്വകലാശാല*